# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 22

# വാർത്താക്കുറിപ്പ്

## എം.എഡ്. പ്രവേശനം

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2021 ബാച്ച് എം.എഡ് പ്രവേശനത്തിനായി പ്രസിദ്ധീകരിച്ച പ്രൊവിഷണൽ ലിസ്റ്റിന്റെ വെയിറ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആദ്യത്തെ 13 പേർക്ക് പ്രവേശനത്തിന് അവസരമുണ്ട്. താത്പര്യമുള്ളവർ ഒക്ടോബർ 25ന് രാവിലെ 10.30ന് പഠനവകുപ്പിൽ നേരിട്ടെത്തി പ്രവേശനം ഉറപ്പാക്കണം. വിശദ വിവരങ്ങൾ വിദ്യാർഥികളുടെ ഇമെയിൽ വിലാസത്തിൽ അയച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. ഫോൺ: 0481-2731042

(പി.ആർ.ഒ/39/1153/2021)

## റാങ്ക് ലിസ്റ്റ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് നടത്തുന്ന പഞ്ചവത്സര ബി.ബി.എ. - എൽ.എൽ.ബി. കോഴ്സ് പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റ് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് വെബ് സൈറ്റിൽ പരിശോധിക്കാം.

(പി.ആർ.ഒ/39/1153/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിൽ (2021-2023) എസ്.സി. വിഭാഗത്തിനായി സംവരണം ചെയ്ത സീറ്റുകളിൽ രണ്ട് ഒഴിവുകളുണ്ട്. എം.ജി. സർവകലാശാല അംഗീകരിച്ച ബി.എസ് സി. കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ ബി.സി.എ. അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് മുഖ്യ വിഷയമായുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ഒക്ടോബർ 25ന് രാവിലെ 11ന് നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 9947745617.

(പി.ആർ.ഒ/39/1153/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ എം.എഡ്. (2021-2023 ബാച്ച്) സി.എസ്.എസ്. പ്രോഗ്രാമിൽ എസ്.സി. വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യരായ എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾ ആവശ്യമായ രേഖകൾ ഒരു പി.ഡി.എഫ്. ഫയലായി spsadmission2021@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ അയച്ച് അപേക്ഷിക്കണം. ഫയൽ നെയിമായി ഒഫീഷ്യൽ പേര് ചേർക്കണം. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ/39/1153/2021)

## പരീക്ഷഫലം

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് (സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1153/2021)

## വിവരങ്ങൾ സമർപ്പിക്കണം

(പി.ആർ.ഒ/39/1153/2021)

ഫെബ്രുവരി/ മാർച്ച് മാസങ്ങളിൽ നടന്ന മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് പരീക്ഷകളുടെ പ്രൊജക്റ്റ്, വൈവാവോസി എന്നിവയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ സർവകലാശാല വെബ് സൈറ്റിൽ നൽകിയിട്ടുള്ള ഗൂഗിൾ ഫോമിൽ ഒക്ടോബർ 28നകം വിവരങ്ങൾ സമർപ്പിക്കണം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1153/2021)

## സൗജന്യ വാക്സിനേഷൻ

മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്, മഹാത്മാഗാന്ധി സർവകലാശാല ടീച്ചേഴ്സ് അസോസിയേഷൻ, ജൂനിയർ ചേംബർ ഇന്റർനാഷണൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഒക്ടോബർ 28, 29 തീയതികളിൽ സർവകലാശാല കാമ്പസിൽ 'സൗജന്യ വാക്സിനേഷൻ യജ്ഞം നടത്തുന്നു. വിവിധ ഡിപ്പാർട്ട്മെന്റുകളിൽ ഇനിയും വാക്സിൻ എടുക്കാത്തവർ ഈ അവസരം ഉപയോഗിക്കണം. രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ 25ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം. ഇതിനായി http://forms.gle/ywkBSPyeSX837Pqpq എന്ന ലിങ്കിൽ നൽകിയിട്ടുള്ള ഗൂഗ്ൾ ഫോറം പൂരിപ്പിച്ച് നൽകണം. വാക്സിൻ ഏതെന്ന് അറിയിക്കുകയും വേണം. തത്സമയ രജിസ്ട്രേഷനും ലഭ്യമാണ്. വിശദവിവരത്തിന് ഫോൺ: 0481-2731580

(പി.ആർ.ഒ/39/1153/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ